# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.920 03.12.2014-ൽ മറുപടിക്ക്**

## പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ടി.വി. രാജേഷ് | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

എ) 28.08.2014 ന് 69.32 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ട വിപുലീകരണത്തിന്റെ നിർമ്മാണ പ്രവൃത്തികൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നറിയിക്കുമോ ;

എ) പദ്ധതിയുടെ രണ്ടാംഘട്ട വിപുലീകരണത്തിന് ജൈക്കയുടെ അംഗീകാരംലഭ്യമാക്കുവാൻ കേന്ദ്ര സർക്കാർ മുഖേന ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

ബി) ഓരോ പഞ്ചായത്തിലും എത്ര കിലോമീറ്റർ പൈപ്പ് ലൈൻ ഇടാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ;

ബി) പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ട വിപുലീകരണ പദ്ധതി പ്രകാരം 597 കി.മീ. പൈപ്പ് ലൈൻ നീട്ടാനാണ് ഉദ്ദേശിക്കുന്നത്. ഇത് പ്രകാരം താഴെപറയുന്ന പഞ്ചായത്തുകൾക്കും തളിപ്പറമ്പ് മുനിസിപ്പാലിറ്റിക്കും പ്രയോജനം ലഭിക്കുന്നതാണ്. ഓരോ പഞ്ചായത്തിലും താഴെപ്പറയുന്ന നീളത്തിൽ പൈപ്പ് ലൈൻ ഇടാനാണ് ഉദ്ദേശിക്കുന്നത്.

| | | |
|---|---|---|
| 1 | പരിയാരം | 95 കി.മീ. |
| 2 | കുറുമാത്തൂർ | 78 കി.മീ |
| 3 | ചപ്പാരക്കടവ് | 46 കി.മീ |
| 4 | പട്ടുവം | 22കി.മീ |
| 5 | ഏഴോം | 36 കി.മീ. |
| 6 | കല്ല്യാശ്ശേരി | 39 കിമീ. |
| 7 | പാപ്പിനിശ്ശേരി | 42 കി.മീ |
| 8 | ചെറുകുന്ന് | 21 കി.മീ |
| 9 | കണ്ണപുരം | 35 കിമീ. |
| 10 | മാട്ടോൾ | 19 കി.മീ. |
| 11 | കടന്നപ്പള്ളി<br>പാണപ്പുഴ | 79 കിമീ. |

| | | | |
|---|---|---|---|
| സി) | രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ എന്നത്തേക്ക് കുടിവെള്ളം എത്തിക്കാൻ കഴിയുമെന്നറിയിക്കുമോ ? | സി) | ടി പദ്ധതി പൂർത്തീകരിക്കുമ്പോൾ മേൽപ്പറഞ്ഞ പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം നേരിടുന്ന മിക്ക ഭാഗങ്ങളിലും ശുദ്ധജലം എത്തിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിന് ഒരു വർഷത്തോളം വേണ്ടിവരും |

സെക്ഷൻ ഓഫീസർ